ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 16884/KL(Ac.)A1/2024/Leg (Vol-IV)

തിരുവനന്തപുരം,
11.12.2024.

## താൽപര്യപത്രം ക്ഷണിക്കുന്നു

നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ 2025 ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം (മൂന്നാമത് എഡിഷൻ) സംഘടിപ്പിക്കുകയാണ്. ആയതിന്റെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഫുഡ് ഫെസ്റ്റിവലും തലസ്ഥാനത്തെ പ്രമുഖ ഹോട്ടലുകൾ/റസ്റ്റോറന്റുകളെ ഉൾപ്പെടുത്തിയുള്ള ഫുഡ് കോർട്ടുകളും ഐസ് ക്രീം പാർലറുകളും നിയമസഭാ മന്ദിരത്തിലെ ലൈബ്രറിക്കു സമീപം തയ്യാറാക്കുന്നതാണ്.

പ്രസ്തുത ഫുഡ്കോർട്ട് ഉൾപ്പെടുന്ന ഭാഗം അലങ്കരിക്കുന്നതിനായി നിയമസഭാ മന്ദിരത്തിലെ പടിഞ്ഞാറു ഭാഗത്തെ ഗേറ്റിൽനിന്നും ഫുഡ് കോർട്ടുവരെയുള്ള ഭാഗത്തും ഫുഡ് കോർട്ടിനോട് ചേർന്നും ആർട്ട് വർക്ക് ചെയ്യുന്നതിനായി പ്രസ്തുത മേഖലയിൽ പരിചയ സമ്പത്തുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യപത്രം സമർപ്പിക്കുന്നവർക്ക് സമാന സ്വഭാവമുള്ള പ്രവൃത്തികൾ നടത്തി പരിചയമുണ്ടായിരിക്കണം. അധിക ക്രമീകരണങ്ങൾ ആവശ്യമുള്ളപ്പോൾ ഏർപ്പെടുത്താനും നിശ്ചിത ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ശേഷിയുള്ളവരായിരിക്കണം. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥാപനത്തെ സംബന്ധിച്ച വിവരം, പ്രസ്തുത മേഖലയിലെ പ്രവൃത്തി പരിചയം, നിരക്ക്, പ്രവൃത്തി ഏൽപ്പിച്ചാൽ പൂർത്തീകരിക്കാനും പ്രദർശനാനന്തരം പൊളിച്ച് മാറ്റാനും ആവശ്യമായ സമയം, ബന്ധപ്പെട്ട മറ്റ് വിശദാംശം എന്നിവ വ്യക്തമാക്കുന്ന താൽപര്യപത്രം 18.12.2024-ന് വൈകുന്നേരം 3.00 മണിക്ക് മുൻപായി ശ്രീ. എസ്.സുനിൽകുമാർ, ജോയിന്റ് സെക്രട്ടറി & എസ്റ്റേറ്റ് ഓഫീസർ, എം.എൽ.എ. ഹോസ്റ്റൽ, തിരുവനന്തപുരം-695033 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന താൽപര്യപത്രങ്ങൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതും തദവസരത്തിൽ പ്രസ്തുത പ്രവൃത്തികളുടെ മുഴുവൻ വിശദാംശവും ലഭ്യമാക്കേണ്ടതുമാണ്.

സുനിൽകുമാർ. എസ്.,
ജോയിന്റ് സെക്രട്ടറി,
കൺവീനർ (ട്രാൻസ്പോർട്ടേഷൻ, അക്കോമഡേഷൻ & ഫുഡ് കമ്മിറ്റി).